# കൊടൈക്കനാൽ തടാകം മരണത്തിലേക്ക്

വിനോദസഞ്ചാരികളുടെ പറുദീസയായ കൊടൈക്കനാലിലെ കൃത്രിമതടാകം നാശത്തിന്റെ വക്കിൽ. സമീപവാസികളും സമീപത്തുള്ള ഹോട്ടലുകളും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടാകത്തെ ഏറെ മലിനമാക്കുകയാണ്. ജലത്തിലെ ഓക്സിജന്റെ അളവിനെ ഇത് ബാധിക്കുന്നു.

26 ഹെക്ടർ പരന്നു കിടക്കുന്ന തടാകത്തിലെ ജലനിരപ്പ് 11 മീറ്റർ എന്നതിൽനിന്ന് 8 മീറ്ററായി കുറഞ്ഞതായാണ് റിപ്പോർട്ടുകൾ. കാലാവസ്ഥയിലെ മാറ്റം സമീപപ്രദേശത്തെ വൃക്ഷങ്ങളേയും ദോഷകരമായി ബാധിച്ചിട്ടുള്ളതായി വിദഗ്ധർ അഭിപ്രായപ്പെടുന്നു.

(കടപ്പാട് : ഡൗൺ ടു എർത്ത്)